# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

19.06.2014 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ
ചോദ്യം നം. 2653

എസ്.എസ്.എൽ.സി., പ്ലസ്ടു എന്നിവയുടെ ഡൗൺലോഡ് ചെയ്ത സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി.റ്റി.എ.റഹീം** | **ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) എൻട്രൻസ് ഉൾപ്പെടെയുള്ള പരീക്ഷകളുടെ അപേക്ഷകർക്ക് എസ്.എസ്.എൽ.സി, പ്ലസ്ടു എന്നിവയുടെ ഡൗൺലോഡ് ചെയ്ത മാർക്ക് ലിസ്റ്റ് പകർപ്പുകളിന്മേൽ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനവെച്ചത് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, | എ) & ബി) കേരളത്തിൽ പഠിക്കുന്ന ഹയർസെക്കണ്ടറി/വി.എച്ച്.എസ്.ഇ/ ഐ.സി.എസ്.ഇ/സി.ബി.എസ്.ഇ ഉൾപ്പെടെയുള്ള വിദ്യാർത്ഥികളുടെ മാർക്കുകൾ ബന്ധപ്പെട്ട ബോർഡുകളിൽ നിന്നും പ്രവേശന പരീക്ഷ കമ്മീഷണർക്ക് നേരിട്ട് ലഭിക്കുന്നുണ്ട്. അത്തരം സർട്ടിഫിക്കറ്റുകൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും. അല്ലാത്തവർക്ക് മാത്രമേ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധന ബാധകമാകുന്നുള്ളൂ. |
| ബി) സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി ഇത്തരം അപേക്ഷയോടൊപ്പം നൽകിയാൽ മതിയെന്ന വ്യവസ്ഥ നടപ്പിലാക്കാൻ നിർദ്ദേശം നൽകുമോ? | |

സെക്ഷൻ ഓഫീസർ